പുസ്തകങ്ങൾ വാങ്ങുന്നതിന് എം.എൽ.എ. ഫണ്ട്

135 (4126) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുസ്തകങ്ങൾ വാങ്ങി നൽകുന്നതിന് വേണ്ടി എം. എൽ.എ. ഫണ്ട് വിനിയോഗിക്കുന്നതിനായി നൽകിയതും 83948/എൻ. സി. നമ്പറായി ധനകാര്യവകുപ്പ് പ്രോസസ് ചെയ്തു വരുന്നതുമായ അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 'ഇന്ത്യ ഇരുളും വെളിച്ചവും' എന്ന കൃതി കറ്റ്യാടി നിയോജക മണ്ഡലത്തിലെ എല്ലാ സ്കൂൾ/കോളേജ് ലൈബ്രറികൾക്കും വിതരണം ചെയ്യുന്നതിന് എം.എൽ.എ. എസ്.ഡി.എഫിൽനിന്നും തുക വിനിയോഗിക്കുവാൻ അനുമതി നൽകണമെന്ന ആവശ്യം നമ്പർ 83948/എൻ.സി.ബി.1/14 ധന. എന്ന ഫയലിൽ (ഇ-ഓഫീസ് ഫയൽ നമ്പർ 32175) പരിശോധിച്ച് വരുന്നു. എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയുടെ മാർഗ്ഗരേഖാപ്രകാരം സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രമേ ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിന് ടി ഫണ്ട് വിനിയോഗിക്കുവാൻ അനുമതിയുള്ളൂ. ഈ സാഹചര്യത്തിൽ മാർഗ്ഗരേഖയിൽ ഇളവു നൽകി മാത്രമേ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ടി പുസ്തകം വിതരണം ചെയ്യുന്നതിന് അനുമതി നൽകുവാൻ സാധിക്കുകയുള്ളൂ. ആയതിലേയ്ക്ക് വേണ്ടി ടി ഫണ്ടിന്റെ നോഡൽ ഓഫീസറായ കോഴിക്കോട് ജില്ലാ കളക്ടറോട് ഇതുസംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ 17-11-2014-ലെ കത്ത് മുഖേന ആവശ്യപ്പെട്ടിരുന്നു. ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കുവാൻ കോഴിക്കോട് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്കും, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുള്ളതായും ആയത് ലഭ്യമാകുന്ന മുറയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly